# കാർഷികകാലാവസ്ഥബുള്ളറ്റിൻ - കോട്ടയം ജില്ല

ഫോൺ:0481-2524421 - ഇമെയിൽ: amfukumarakom@gmail.com

**നമ്പർ: Ktm-52/2024** *തിരുവാതിര ഞാറ്റുവേല* **തീയതി: 02.07.2024 മിഥുനം 18**

(ഭാരതീയ അന്തരീക്ഷശാസ്ത്രവിഭാഗം, ന്യൂഡൽഹിയുടെ ജില്ലാ തല കാലാവസ്ഥ പ്രവചനത്തെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്).

(കാർഷിക കാലാവസ്ഥ ഫീൽഡ് യൂണിറ്റ്, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, കുമരകം, ഭാരതീയ അന്തരീക്ഷ ശാസ്ത്രവിഭാഗംഎന്നിവ സംയുക്തമായി നൽകുന്നത്)

| കഴിഞ്ഞവാരം -സംക്ഷിപ്തകാലാവസ്ഥ (27/06/24- 01/07/24) | കാലാവസ്ഥ പ്രവചനം (03/07/24-07/07/24) |
|---|---|
| കഴിഞ്ഞ വാരത്തിലെ ഉയർന്ന താപനില 23.0 ഡിഗ്രി സെല്ഷ്യസും കുറഞ്ഞ താപനില 23.0 സെൽഷ്യസ് വരെയും ആയിരുന്നു. അന്തരീക്ഷത്തിലെ ആപേക്ഷിക ആർദ്രത 74 -നും 98 നും ഇടയിലും പടിഞ്ഞാറൻ കാറ്റിന്റെ വേഗത മണിക്കൂറിൽ 4 കിലോമീറ്റർ വരെയുമായിരുന്നു. കോട്ടയം ജില്ലയിൽ ഈ കാലയളവിൽ 42 മി മി മഴ ലഭിച്ചു | അടുത്ത അഞ്ച് ദിവസങ്ങളിൽ കോട്ടയം ജില്ലയിൽ സാമാന്യം ശക്തമായ മഴക്ക് സാധ്യത ഉണ്ട് .ഈ ആഴ്ച പരമാവധി താപനില 33$^{0}$C ഉം കുറഞ്ഞ താപനില 24$^{0}$C ഉം ആയിരിക്കും. അന്തരീക്ഷ ആർദ്രത 65% നും 98% നും ഇടയിൽ ആയിരിക്കും. പടിഞ്ഞാറൻ കാറ്റിന്റെ വേഗത 4-5 കിലോമീറ്റർ വരെ ആകാൻ സാധ്യതയുണ്ട്. |

**കാർഷികകാലാവസ്ഥമുന്നറിയിപ്പുകൾ:** നിലവിലുള്ള അന്തരീക്ഷസ്ഥിതിയിൽ കൃഷിക്കാർ ചുവടെ പറയുന്ന ജാഗ്രതാ നിർദ്ദേശങ്ങൾ പാലിക്കാൻ താത്പര്യപ്പെടുന്നു.

| | | |
|---|---|---|
| **പൊതു നിർദ്ദേശങ്ങൾ** | | വാഴക്ക് താങ്ങുകാലുകൾ നൽകുകയും പച്ചക്കറി കൃഷിയുടെ പന്തൽ ബലപ്പെടുത്തുകയും ചെയ്യുക. പച്ചക്കറികളുടെ കുമിൾ രോഗങ്ങളെ പ്രതിരോധിക്കാൻ കുമിൾ നാശിനികൾ തളിച്ച് കൊടുക്കാവുന്നതാണ്. |
| **തെങ്ങ്** | വളർച്ചാ ഘട്ടം | മഴക്കാലത്ത് മച്ചിങ്ങ, ഇളംതേങ്ങ എന്നിവ അകാലത്തിൽ ധാരാളമായി പൊഴിയുന്നതാണ് മഹാളി രോഗത്തിന്റെ പ്രധാന ലക്ഷണം.രോഗം വരാതിരിക്കാൻ 1% വീര്യമുള്ള ബോർഡോ മിശ്രിതം / 0.5 % കോപ്പർ ഓക്സി ക്ലോറൈഡ് ഗ്രാമ/ലിറ്റർ കാലാവർഷത്തിനു തൊട്ടുമുമ്പും പിന്നീട് ഇടവിട്ട് 40-45 ദിവസത്തിലൊരിക്കൽ 2 തവണ തെങ്ങിന്റെ മണ്ടയിലും എല്ലാ കുലകളിലും തളിക്കണം. |
| **വാഴ** | വളർച്ചാ ഘട്ടം | വാഴയുടെ സിഗൈട്ടോക്ക ഇലകരിച്ചിൽ നിയന്ത്രിക്കാൻ കരിഞ്ഞുണങ്ങിയ ഇലകൾ മുറിച്ചുമാറ്റി പ്രൊപ്പിക്കോനാസോൾ ഒരു മില്ലി ഒരു ലിറ്റർ വെള്ളത്തിൽ തളിച്ചുകൊടുക്കുക. |
| **പയർ** | വളർച്ചാ ഘട്ടം | പയറിലെ കരിവള്ളി രോഗത്തിനെതിരേ കാർബെണ്ടാസിം 2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ തളിച്ച് കൊടുക്കുക |
| **റബ്ബർ** | വളർച്ചാ ഘട്ടം | വെട്ടുപട്ട നന്നായി ഉണങ്ങിയതിനു ശേഷമേ അടുത്ത ടാപ്പിംഗ് തുടരാൻ പാടുള്ളു.കു മിൾ രോഗങ്ങളെ നിയന്ത്രിക്കാൻ ഇൻഡോഫിൽ M 45 , 4 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ വെട്ടുപട്ടയിൽ തളിച്ചുകൊടുക്കുക.. |
| **പടവലം** | കായ്പിടുത്തം | പടവലത്തിൽ മൃദുരോമ പൂപ്പ് രോഗത്തിനെതിരേ മാങ്കോസെബ്ബ് 4 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ നേർപ്പിച്ചു തളിക്കുക. |